**March : 10**

# KGBEU OU ബുള്ളറ്റിൻ 30/2023

സഖാക്കളെ,

## വിഷയം: ജനറൽ ട്രാൻസ്ഫർ

ഇത്തവണത്തെ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് മെമ്മോ ഇറങ്ങിയിട്ടുണ്ട്. വേക്കൻസി ലിസ്റ്റും പുറത്ത് വിട്ടിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽത്തന്നെ അബദ്ധത്തിന്റെ വലിയ കൂടാരമാണ് പുറത്തു വന്നതിൽ നിന്നും നമുക്ക് കാണാൻ സാധിക്കുന്നത്. ആരൊക്കെയാണ് ട്രാൻസ്ഫർ ഡ്യൂ ആയത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല, പ്രമോഷൻ ആയവരുടെ ബ്രാഞ്ചുകളിൽ ആ തസ്തികയിലേക്ക് വേക്കൻസി കാണാനില്ല, അടുത്ത നാളുകളിൽ റിട്ടയർമെന്റ് ആവാനിരിക്കുന്ന മാനേജർമാരുടെ ഒഴിവുകൾ കാണിച്ചിട്ടില്ല, അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലേക്കും ഒഴിവുകൾ കാണാനില്ല തുടങ്ങി സർവത്ര പ്രശ്നങ്ങളാണ് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൃത്യമായ ശാസ്ത്രീയ പഠനം നടത്തി പരമാവധി ജീവനക്കാർക്ക് ഉപകാരപ്രദമാവുന്ന തരത്തിൽ ബാങ്കിന്റെ ബിസിനസ്സ് കൂടി വർദ്ധിപ്പിക്കാനുതകുന്ന നിലയിൽ ട്രാൻസ്ഫർ പോളിസിക്ക് അകത്ത് നിന്ന് കൊണ്ട് വേണം ഒരു ജനറൽ ട്രാൻസ്ഫർ പ്രക്രിയയിലേക്ക് മാനേജ്മെന്റ് നീങ്ങേണ്ടത്. അംഗീകൃത സംഘടനയുമായി ചർച്ച നടത്തുകയും നാം നമ്മുടെ അഭിപ്രായങ്ങളും നിർദേശങ്ങളും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തതാണ്. എന്നാൽ, വേക്കൻസി ലിസ്റ്റ് കാണുമ്പോൾ സംഘടനയുമായി നടത്തിയ ചർച്ചയുടെ മെച്ചം ജീവനക്കാർക്ക് കിട്ടാത്ത വിധത്തിലാണ് അനുഭവപ്പെടുന്നത്.

മുഴുവൻ ജീവനക്കാരും തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന, മുകളിൽ പരാമർശിച്ചതോ അല്ലാത്തതോ ആയ അപാകതകൾ എത്രയും പെട്ടെന്ന് ജില്ലാ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടു വരണം എന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)